പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2863

18.06.2019-ൽ മറുപടിക്ക്

ദേശീയപാത വികസന ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത വികസനത്തിൽ കേന്ദ്രം സംസ്ഥാനത്തോട് വിവേചനം കാണിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കാമോ; | (എ) ഉണ്ട്. അതുമാറ്റാനുള്ള നടപടികൾ കേരള സർക്കാരും പി.ഡബ്ല്യു.ഡി-യും എടുത്തു വരുന്നു. ഏറ്റവും ഒടുവിൽ 15/06/2019-ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിധിൻ ഗഡ്കരിയുമായി ഡൽഹിയിൽ വെച്ച് ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ, പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ.സുധാകരൻ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ ചർച്ച നടത്തി രണ്ടു വിഭാഗങ്ങളുമായി മുൻഗണനാ പട്ടിക നിശ്ചയിച്ച് ദേശീയപാത വികസനം തടസ്സപ്പെടുന്ന സ്ഥിതി മാറ്റാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ദേശീയപാത വികസനത്തിന് മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണെന്ന് കേന്ദ്ര റോഡ് ഉപരിതലഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ വില മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെ നിർമ്മാണ ചെലവ് കിലോമീറ്ററിന് 45 കോടി രൂപയോ അതിൽ കൂടുതലോ ആകും. എന്നാൽ കേന്ദ്ര സർക്കാർ സ്ഥലത്തിനുള്ള വില കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. |
| (സി) ഈ സാമ്പത്തിക വർഷം എത്ര കിലോമീറ്റർ നാലുവരിപ്പാതയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;<br>(ഡി) പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) ബന്ധപ്പെട്ട അധികാരികളിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമാണ് ദേശീയപാതാ വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുന്നത്. ടെണ്ടർ നടപടി സ്വീകരിച്ച കോഴിക്കോട് ബൈപ്പാസ് റീച്ച് പോലും കരാർ കമ്പനിയുടെ സാമ്പത്തിക പ്രശ്നം മൂലം തടസ്സപ്പെട്ടിരിക്കുന്നു. കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കാലിക്കടവ് വരെയുള്ള ഭാഗത്തെ ടെണ്ടർ |

നടപടിക്കുള്ള അംഗീകാരത്തിനായി MORTH/NHAI യിൽ നൽകിയിട്ടുണ്ടെങ്കിലും ഒരു വർഷത്തിലധികമായി തീരുമാന-മാകാതെ കിടക്കുകയാണ്. ഈ സമീപനത്തിൽ മാറ്റം വരുത്താനുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി വരുകയാണ്.

സെക്ഷൻ ഓഫീസർ